

little KITEs
GOVT HIGH SCHOOL KUPPAPPURAM
PRESENTS
സ്വപ്നം



Sethunadh

# കുരങ്ങനും കരടിയും

കാട്ടിൽ രണ്ടു കുരങ്ങൻന്മാർ ചെറുപ്പംമുതൽ സുഹൃത്ത്ക്കളായിരുന്നു. എന്തു കിട്ടിയാലും പകുത്തുനൽകിയും കഴിഞ്ഞവരായിരുന്നു. രണ്ടുപേരും കാട്ടുവഴിയിലൂടെ നടക്കുകയായിരുന്നു , അപ്പോഴാണ് കരടി വരുന്നുണ്ട എന്ന് മറ്റൊരു കുരങ്ങച്ചൻ വിളിച്ചുപറഞ്ഞത് അവർ കേട്ടത്. കുരങ്ങൻ ഓടി മരത്തിൻ കയറി, മറ്റൊരാൾ മരത്തിൽ കയറാൻ വന്നപ്പോഴേയ്ക്കും കരടി അടുത്തെത്തിക്കഴിഞ്ഞു. അവൻ നിലത്ത് ശ്വസം വിടാതെ കിടന്നു . കരടി വന്നു മണപ്പിച്ചപ്പോൾ ആ കുരങ്ങൻ മരിച്ചു എന്നു കരുതി

sethunadh

# ആർത്തി  ആപത്ത്

പണ്ട് പണ്ട് പണത്തോട് ആർത്തിയുള്ള ഒരു രാജാവ്ഉണ്ടായിരുന്നു. ആ രാജാവ് ഒരിക്കൽ പണത്തിനോട് ആർത്തിമൂത്ത് പണംതേടിപ്പോയി.

ആരാജാവ് പണമുള്ള ഇടംകണ്ടെത്തി . എന്നാൽ ആ ഇടം വളരെ ആപത്ത്  നിറഞ്ഞതും,ദുർഘടവും ആയിരുന്നു. എന്നാൽ ആരാജാവ് ഇതൊന്നും വകവെക്കാതെ ആഇടത്തേക്ക് പോയി. താൻ പോകുന്നത് ആപത്തിലേക്കാണെന്ന് അറിഞ്ഞിട്ടു അങ്ങോട്ടുതന്നെ പോകാനായിരുന്നു രാജാവ് തീരുമാനിച്ചത്.അവിടെഎത്തിയ രാജാവ് കണ്ടത് മനസ്സിൽ വിചാരിച്ചതല്ലായിരുന്നു.അവിടെ രാജാവ് കണ്ടത് കൊടും കാടായിരുന്നു.അത്കണ്ട രാജാ വ് ഭയന്നു. ഭയന്ന രാജാവ് തിരികെപോകാതെ പണത്തോടുള്ള ആർത്തി കാരണം അവിടെനിന്ന്പോകാതെ

കാട്ടിലേക്ക്കയറിപ്പോയി.കാട്ടിലേക്ക് കയറിയ രാജാവ് ഒരു പുലിയുടെ ഗുഹയുടെഅടുത്ത് എത്തി പുലിയിടെ ഗുഹയാണന്നറിയാതെ ആഗുഹയിൽ പണമുണ്ടെന്ന് കരുതി രാജാവ്ഗുഹയിൽ

കയറി . ആരാജാവിനെ  പുലികൊന്നുതിന്നു.
കൂടുതൽ  ആർത്തി   ആപത്ത്

vaishnav.s

# അജഗജാന്തരം

പണ്ട് പണ്ട് നാണുക്കുട്ടി എന്ന ഒരു ആനക്കാരൻ ഉണ്ടായിരുന്നു. അവന് ഒരുദിവസം ആടിനെ വ-ളർത്തണമെന്ന് ഒരു പൂതിതോന്നി. നാണുക്കുട്ടി അപ്പോൾ തന്നെ ആനയുടെ ഉടമസ്ഥന്റെ വീട്ടിൽ ചെന്ന് കാര്യം പറ ഞ്ഞു. ഇത്കേട്ടപ്പോൾ ഉടമസ്ഥൻ ഞെട്ടി,ഉടമസ്ഥൻ എന്ത് പറഞ്ഞിട്ടും നാണുക്കുട്ടി അതൊന്നും കേൾക്കാതെ ന ടന്നുപോയി.നാണിക്കുട്ടി വഴിയിൽക്കൂടി നടന്നു പോയപ്പോ-ൾ ഇതറിഞ്ഞ നാട്ടുകാർ അവനെ പരിഹസിച്ചു. നാണുക്കുട്ടി ഇതും വകവെച്ചില്ല.അവൻ വീട്ടിൽടചന്നപ്പോൾ അവന്റെ ഭാ-ര്യ അവനെ ശകാരിച്ചു. അവൻ അതുംവകവെച്ചില്ല. പിറ്റേന്ന് അവൻ ഒരു നല്ല വെളുത്ത ആടിനെവാങ്ങി.ആടിന് അവൻന

ല്ല കൂട് പണിത് നൽകി.നാണക്കുട്ടി പോകുന്ന സ്ഥലങ്ങളി ലെല്ലാം ആടിനെയും കൊണ്ടാണ് പോയിരുത്. ആനയെ-പ്പോലെ  അല്ലാ ആടെന്ന് ,ആടിൻെ ചില സ്വഭാവങ്ങൾകൊണ്ട്  നാണക്കുട്ടിക്ക്  മനസ്സിലായീ........

vaishakh.v

മഴനീർ

ആകാശത്തിലെ കാർമുകിലിന്റെ
കണ്ണുനീരാം മഴത്തുള്ളി

ചാറ്റലായും പേമരിയായും
തുള്ളിക്കൊരു കുടമായും പെയ്യും മഴ

പെയ്യുംന്ന മഴയെക്കാള് പെയ്യാൻ
വിതുമ്പിനിൽക്കുന്ന കാർമുകിലിനെയാണെ-

നിക്കിഷ്ടം വർഷമായുപിണെ ഹർഷമായും
മനസ്സിൽ പെയ് തിറങ്ങുന്ന മഴ

sanjay krishna

# പാവപ്പെട്ട പാൽക്കാരി

പാവപ്പെട്ട വീട്ടീൽ പാൽക്കാരി പെണ്ണും അവളുടെ വല്യമ്മയും താമസിച്ചിരുന്നു. പാൽ വിൽക്കാനായി അവൾ ദൂരേ കാടുകഴിഞ്ഞുള്ള നാട്ടിലേയ്ക്കു പുറപ്പെട്ടു. പുറപ്പെടുന്നതിന്നു മുൻപ് അവളുടെ വല്യമ്മ അവളോട് പറഞ്ഞു, ആകാശത്തിൽ കോട്ടകെട്ടരുത്.അവൾ പുറപ്പെട്ട് കാടിനുള്ളിലേയ്ക്ക് എത്തിയപ്പോൾ അവൾ ചിന്തിച്ചു ,പാൽവിറ്റ് ഞാൻ പണക്കാരിയാകും, അപ്പോൾ ഞാൻ കോഴിയേ വാങ്ങും, അങ്ങനെ നാട്ടിലെ ഏറ്റവും വലിയ പണക്കാരിയാകും, അങ്ങനെ ഞാൻ അടുത്തുള്ള നാട്ടിലെ രാജാവിനെ കല്യാണം കഴിക്കും.  പാൽ തലയിൽ ഏറ്റി നടക്കുന്നവഴി    കല്ലിൽ തട്ടി വീണു .  അവളുടെ പാൽകുടം പൊട്ടി...... അപ്പോൾ അവൾ വല്യമ്മ പറഞ്ഞ വാക്ക് ഓർത്തു.............

ADITHYAN.D.S

# കൊള്ളക്കാരൻ

പണ്ട് പണ്ട് ഒരു രാജ്യത്ത് ഒരു പാവപ്പെട്ട ഒരു തൊഴിലാളി ഉണ്ടായിരുന്നു. ആ രാജ്യത്തെ രാജാവ് വളരെ പണത്തോട് ആർത്തിയുള്ളവനുമാണ് മറ്റു രാജ്യത്തു നിന്ന് കൊള്ളയടിച്ചും ധനികനാകാൻ നോക്കി.പാവപ്പെട്ടവൻ രാജാവിന്റെ തെഴിലാളി ആയിരുന്നു.ഒരു ദിവസം രാജാവ് പറഞ്ഞു ചരക്ക്എടുക്കാൻ. പാവപ്പെട്ടവൻ ചരക്ക് എടുക്കാൻ പോയപ്പോൾ കാറ്റും ,മഴയും വന്നു. വള്ളം മറിഞ്ഞ് ആ പാവ പ്പട്ടവൻ വെള്ളത്തിൽ വീണു.വെള്ളത്തിൽ വീണപ്പോൾ കണ്ടത് ഒരു നിദി ആയിരുന്നു.രാജാവിന്റെ അടിമ ആയതിനാൽ രാജാവിനോട് പറഞ്ഞു.രാജാവ് അവനോട് പറഞ്ഞു നീ അത് എടുത്ത് തരുമൊഎന്ന് ചോദിച്ചു. അവൻ അടിമ ആയതിനാൽ അത് ചെയ്തു. നിദി കരക്കെ ത്തിച്ചപ്പോൾ രാജാവ് അവനെകള്ളനാക്കി. അവനെ നാട്ടുകാർ ചേർന്ന് തല്ലി ഓടിച്ചു. 2 വർഷത്തിനുശേഷം അവൻ കൊടും കള്ളനായി തിരിച്ചു വന്നു. രാജാനവിന്റെ പണം കൊള്ളയടിച്ചു, ജനങ്ങളുടെയും പണം കൊള്ളയടിച്ചു. ആർക്കും പിടികൊടുക്കാനാവതെ അവൻ പെരും കള്ളനായി.......

ARUNDEV.S

# വാനം

ബാല്യകാലത്തില് ഞാൻ പട്ടം
പറ്ത്തിയ ആകാശം
കിളികൾ പറന്നതും മഴകൾ പൊഴിഞ്ഞതും
എന്തോരു സുന്തരം ആകാശം

സുര്യനുദിച്ചും   അമ്പിളി വന്നും
പൊൻ പ്രഭതൂകും ആകാശം
നക്ഷത്രങ്ങൾ കുട്ടതോടെ
മഴിചിമ്മും ആകാശം
ഇത്ര മനോഹര   വർണങ്ങൾതൂകും
എന്തോരു സുന്തരം ആകാശം

# കാതോർത്ത്

ഒരു വട്ടം എന്നുടെ വീടിന്നിറമ്പലെ
പുഴയെ കാതോർത്തിടുവാൻ കൊതിയായ്
കളകളാരവമെന്ന ഗാനത്തിനോടോപ്പം
നീന്തി തുടിക്കുന്ന മീനുകളെ.......

ചിത്തത്തിനെ ആഹ്ളാദം തളുമ്പിക്കും
കുളിർതെന്നലും ആടിഉലഞ്ഞിടുന്ന
അന്നേരം കർപ്പൂര മാവിൻ ചുവട്ടിലെ
കൈതോലപ്പായ വിരിച്ചുറങ്ങും

വർഷകാലത്തിലെ കുളിരും നീർത്തുള്ളി
എൻ കവിളിൽ പതിച്ചിടും നേരം
എന്തെന്നറിയില്ല ഏതെന്നറിയില്ല
ഏതോ സുഖം മനസ്സിൽ നിറയും

ഇന്നീ പ്രകൃതിയിലൊട്ടാകെ മാലിന്യം
പുഴയും കാറ്റും മഴത്തുള്ളിയും എൻെ
പ്രകൃതിയിൽ നിന്നും അകന്നിടുന്നു
ഇനിയും ഞാനിവിടെ കാതോർക്കുന്നു
വീണ്ടും വരുമോ ആ നല്ല കാലം...........

chandana Ratheesan.

# _പ്രാണവായു

ജനനം മുതല് നിന്റെ മരണം വരെ
കുടെയുണ്ടകുന്ന   പ്രാണവായു
സസ്യങ്ങൾക്കും ചെറു പുൽചെടിക്കും
സകല ജന്തുജാലങ്ങൾക്കും  ജീവനായി..

ജലത്തിലും ഞാൻ ആകാശത്തിലും ഞാൻ
പരമാണുവിലും നിറഞ്ഞിടുന്നു ഞാൻ
ഭുമിയിലെ ഈ ഹരിതാപവും
ഭംഗികൾക്കും  അനിവാര്യമീ ഞാൻ
പ്രണവായു.............................

മനീഷ.

<u>പൂമ്പാറ്റ</u>

പൂക്കൾതോറും  തേൻ നുകരാനായ്
പാറി നടക്കും  പൂമ്പറ്റ
തേൻ നുകർന്നും പൂമ്പൊടി നുള്ളി
പാറി  നടക്കും  പൂമ്പാറ്റ

ADITHYAN.D.S

# മണ്ടനായ രാജാവിന്റെ  പടയാളി

 പണ്ട് ഒരു രാജാവ് ഉണ്ടായിരുന്നു
രാജാവിന്റെ സുരക്ഷക്കായി ഒരു ബുദ്ധി
മാനായാ  പടയാളിയെ അവിശ്യമായിരുന്നു
അപ്പോഴാണ് ഒരാൾ കാട്ടിൽ കൂടി നടന്നു
വന്നു. രാജാവ് അവന് ബുദ്ദി ഉണ്ടോ എന്ന്
പരീഷിക്കാൻ  വേണ്ടി കുറേ ചോദ്യം
ചോദിച്ചു അയാൾ അതിനെല്ലാം അയാൾ
ഉത്തരം പറഞ്ഞു അപ്പോൾ ആ രാജവിന്
മനസിലായി  അയാൾ  ഒരുബുദ്ദി ഉള്ളവനാണെന്ന്
രാജാവ് ഓർത്തു ഇവനെ എന്റെ രാജ്യത്തെപടയാളി
ആക്കാം.രാജാവ് അവനെ  പടയാളി ആയി നിയമിച്ചു
പക്ഷെ ആ പടയാളി ഒരു കള്ളനായിരുന്നു.
ഈ  കര്യം രാജാവിന് അറിയില്ലായിരുന്നു.
ഒരു ദിവസം രാജാവ് ഉറങ്ങി കിടക്കുമ്പോൾ
ആ കള്ളൻ പണം  മോഷ്ടിക്കാൻ വന്നു
അപ്പോൾ രാജാവ് എഴുന്നേറ്റു  അവനെ കണ്ടു.
രാജാവ് അവനോട് ചോദിച്ചു നിനക്കെന്താ
ഇവിടെ കാര്യം ഭടൻ പറഞ്ഞു ഞാൻ
രാജാവിന്റെ സുരക്ഷക്കായിവന്നതാണെന്ന്

മണ്ടനായ രാജാവ് അത് വിശ്വസിച്ചു.

2,3 ദിവസം കഴിഞ്ഞ് പിന്നെയും കക്കാൻ വന്നു.

സ്വത്തും പണവും  കട്ടോണ്ട് പോയി.
പിറ്റേ ദിവസം രാജാവ് പണം നോക്കിയപ്പൊൾ

പണം കാണുന്നില്ല. ഭടനെതി രക്കിയപ്പൊൾ
ഭടനെയും കണുന്നില്ല  അപ്പൊഴണ്  ഭടൻ  ഒരു കള്ള

നാണെന്ന്  രാജാവിന്  മനസിലായത്.

ആദിത്യൻ .റ്റി .ആർ